LIBRARY ARCHIVES Kerala Legislative Assembly

കന്നുകുട്ടി പരിപാലന പദ്ധതി

239 (1617) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് എന്നുമുതലാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക യഥാസമയം ചെലവഴിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് 1976-ലാണ്.

സംസ്ഥാനത്ത് കന്നുകുട്ടികളെ (പശുക്കുട്ടി/എരുമക്കുട്ടി) ഗുണമേന്മയുള്ള തീറ്റയും വൈറ്റമിൻ ധാതുലവണമിശ്രിതവും നൽകി ശാസ്ത്രീയമായി പരിപാലിച്ച് അവയുടെ പാലുൽപ്പാദനവും പ്രത്യുൽപ്പാദനക്ഷമതയും ഉറപ്പുവരുത്തുന്നതോടെ ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തതയും അതുവഴി സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയും ലക്ഷ്യം വച്ചുകൊണ്ടാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നത്. ശാസ്ത്രീയ പരിചരണം മുഖേന കിടാരികളുടെ ആദ്യപ്രസവം നേരത്തെ ആക്കുക, പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

(ബി) ഇല്ല.

എൻറോൾ ചെയ്യപ്പെട്ട കന്നുകുട്ടികൾ ചത്തുപോകുക, ഗുണഭോക്താക്കൾ സ്വമേധയാ പദ്ധതിയിൽനിന്നും പിന്മാറുക, പദ്ധതിയിൽ എൻറോൾ ചെയ്തശേഷം കന്നുകുട്ടികളെ വിൽക്കുക, പഞ്ചായത്തുകളിൽനിന്നും ശരിയായ ഗുണഭോക്തൃ പട്ടിക യഥാസമയം ലഭിക്കാതിരിക്കുക, പഞ്ചായത്ത് വിഹിതം ആവശ്യത്തിന് ലഭിക്കാതിരിക്കുക (സംസ്ഥാന വിഹിതത്തേക്കാൾ കുറവായിരിക്കുക), പദ്ധതി

നിബന്ധനകൾ ശരിയായി പാലിക്കാത്തതിനാൽ ഗുണഭോക്താക്കൾ പുറത്താക്കപ്പെട്ടുക മുതലായ കാരണങ്ങളാലാണ് 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക മുഴുവനും ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

ഗോവർദ്ധിനി പദ്ധതി

240 (1618) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മുതൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി)

1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.

3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്കുതന്നെ നടക്കുക.

4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.

5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുൽപ്പാദനശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly